## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*102 04.12.2014 -ലെ മറുപടിയ്ക്ക്

## സർവ്വകലാശാലകളുടെ പാഠ്യപദ്ധതിയും ചോദ്യപേപ്പറുകളും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ശശി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>ശ്രീ.കെ.വിജയൻ<br>ശ്രീ.കെ.അജിത്ത് | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സർവ്വകലാശാലകളുടെ പാഠ്യപദ്ധതിയും ചോദ്യപേപ്പറുകളും തയ്യാറാക്കുന്നതിന് ഓരോ വിഷയങ്ങൾക്കും പൊതു ബോർഡുകൾ രൂപീകരിക്കണമെന്ന് ശുപാർശചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ചുള്ള അഭിപ്രായം എന്താണെന്ന് വ്യക്തമാക്കുമോ; | (എ) | ഈ വിഷയം കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ പരിശോധിച്ചുവരുന്നു |
| (ബി) | വിവിധ സർവ്വകലാശാലകളിലെ വിവിധകോഴ്സുകളിലെ സിലബസ്സുകൾ ഏകീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അവ ഏകീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | ഇല്ല. ഇപ്പോൾ പരിഗണനയിലില്ല. |
| (സി) | നിലവിൽ പാഠ്യ പദ്ധതിയും ചോദ്യപേപ്പറുകളും തയ്യാറാക്കുന്നതിന് വിവിധ സർവ്വകലാശാലകളിൽ ഏതെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് വിശദമാക്കുമോ? | (സി) | നിലവിൽ ഓരോ വിഷയത്തിന്റെയും പാഠ്യപദ്ധതി അതതു വിഷയത്തിന്റെ പഠന ബോർഡ് തയ്യാറാക്കുകയും അക്കാദമിക് കൗൺസിലിന്റെ അംഗീകാരത്തോടെ നടപ്പിൽ വരുത്തുകയും ചെയ്യുന്നു.<br><br>സർവ്വകലാശാലകളുടെ സ്റ്റാറ്റ്യൂട്ട് / ഓർഡിനൻസിലെ നിയമങ്ങൾക്ക് വിധേയമായി ബോർഡ് ഓഫ് സ്റ്റഡീസ് അംഗീകരിച്ച പട്ടികയിൽ നിന്നുള്ളവരാണ് ചോദ്യപേപ്പർ തയ്യാറാക്കുന്നത്. |

സെക്ഷൻ ഓഫീസർ